# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3911 15.05.2017 -ലെ മറുപടി

**ജലമാഫിയാ സംഘത്തിന്റെ ജലമൂറ്റലും കച്ചവടവും**

**ചോദ്യം** **മറുപടി**

**ശ്രീ.പി.കെ.ശശി** മാത്യു ടി. തോമസ്
(ജലവിഭവ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് ഭൂജല ഉപയോഗ നിയന്ത്രണത്തിന് 2002-ലെ നിയമം നിലനിൽക്കേ ജല മാഫിയാ സംഘം ജലമൂറ്റലും കച്ചവടവും നടത്തുന്നതു സംബന്ധിച്ച അന്വേഷണത്തിൽ കഴിഞ്ഞ ഒരു വർഷമായി എത്രപേരെ കണ്ടെത്തിയെന്നും എത്ര കേസുകൾ ചാർജ്ജു ചെയ്തുവെന്നും വ്യക്തമാക്കുമോ; | എ) | 2002-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്റ്റ് അനുസരിച്ച് തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ബ്ളോക്കിൽ 14 പേർക്ക് പിഴ ചുമത്തിയിട്ടുണ്ട് അഞ്ചോളം പേർക്ക് സ്റ്റോപ്പ് മെമ്മോ നൽകി വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട് പാലക്കാട് ജില്ലയിലെ മലമ്പുഴ ബ്ളോക്കിൽ ഒരാൾക്ക് കുഴൽ കിണറിൽ നിന്നും അമിത ജലചൂഷണം നടത്തിയതിനും വില്പനയ്ക്കുമെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട് |
| ബി) | ഭൂഗർഭ ജലസ്രോതസ്സുകൾ ഒന്നിലധികം സംസ്ഥാനങ്ങളിൽ വ്യാപിക്കാനുള്ള സാധ്യതയുള്ളതിനാൽ സംസ്ഥാന അതിർത്തി പങ്കിടുന്ന മറ്റു സംസ്ഥാന അതിർത്തി പ്രദേശത്ത് നിന്നും ജലചൂഷണം നടത്തി നമ്മുടെ സംസ്ഥാനത്ത് അധിക വില ഈടാക്കി ജലം കച്ചവടം നടത്തുന്നതും, ഇതിനു ഉണ്ടാസംഘങ്ങൾ തന്നെയുള്ളതും പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എപ്പോൾ പരിശോധന നടത്തിയെന്നും ഇല്ലെങ്കിൽ ഇതിനായി എന്തു നടപടി സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ; | ബി) | പരിശോധിച്ചിട്ടില്ല |
| സി) | സംസ്ഥാനത്തെ കുളങ്ങൾ, തോടുകൾ, നീർച്ചാലുകൾ ഇവയെ സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | സി) | സംസ്ഥാനത്തെ കുളങ്ങൾ തോടുകൾ എന്നിവ സംരക്ഷിക്കുന്നതിനുള്ള പ്രവൃത്തികൾ സാമ്പത്തിക ലഭ്യതയനുസരിച്ച് ജലസേചനവകുപ്പ് മുഖേന നിർവ്വഹിച്ചു വരുന്നു കുളങ്ങളിൽ അടിഞ്ഞു കൂടിയിട്ടുള്ള ചെളിയും മാലിന്യങ്ങളും നീക്കം ചെയ്യുക, ബണ്ടുകൾ ബലപ്പെടുത്തുക, കുളങ്ങളിൽ ജലം എത്തുന്നതിനും പുറത്തേയ്ക്കു പോകുന്നതിനുമുള്ള സംവിധാനം ഒരുക്കുക, ബണ്ടിൽ നിന്നും മണ്ണ് വീണ്ടും കുളത്തിലെത്താതിരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുക തുടങ്ങിയവയാണ് കുളങ്ങളുടെ നവീകരണവുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങൾ തോടുകളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് ചെറിയ തടയണകൾ, സംരക്ഷണപ്പണികൾ എന്നിവയും നിർവ്വഹിച്ചു വരുന്നു നീർച്ചാലുകളുടെ |

| | | | |
|---|---|---|---|
| | | | സംരക്ഷണ പ്രവൃത്തികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ/മണ്ണ് സംരക്ഷണ മണ്ണ് പര്യവേഷണ വകുപ്പ് മുഖേനയാണ് നിർവ്വഹിച്ചു വരുന്നത്. |
| ഡി) | കഴിഞ്ഞ ഒരു വർഷം ജലവകുപ്പ് കണ്ടെത്തിയ ജലമാഫിയ സംഘത്തിന്റെ ജലചൂഷണവും കുറ്റക്കാരായി കണ്ടെത്തിയവരെയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | ഡി) | തിരുവനന്തപുരം ജില്ലയിൽ താഴെ പറയുന്ന 14 പേർക്ക് പിഴ ചുമത്തുകയുണ്ടായി.<br>1) ശേഖരൻ, ഹൗസ് നമ്പർ: 397, ചൊവ്വര, കോട്ടുകാൽ പഞ്ചായത്ത്.<br>2) ശ്രീമതി. ബീന.പി.എം W/o, ശേഖരൻ, ഹൗസ് നമ്പർ: 397, ചൊവ്വര, കോട്ടുകാൽ പഞ്ചായത്ത്. (നാഗക്ഷേത്രത്തിനു സമീപമുള്ള കിണർ)<br>3) ഷിബു കുമാർ (ഉല്ലാസ്), തെങ്ങുനട്ടവീട്, ചപ്പാത്ത്, പുന്നക്കുളം. പി.ഒ, കോട്ടുകാൽ പഞ്ചായത്ത്.<br>4) ജി.എസ്, ഗോപകുമാർ, ഹൗസ് നമ്പർ:20, വാർഡ്-7, പത്മവിലാസം, കോട്ടുകാൽ പഞ്ചായത്ത്.<br>5) ബൈജു, C/o.സുധാകരൻ, തിരുവോണം, മുല്ലക്കര, കോട്ടുകാൽ.<br>6) കെ.സുകുമാരൻ, ജയലക്ഷ്മി നിവാസ്, മുല്ലക്കര, കോട്ടുകാൽ പഞ്ചായത്ത്.<br>7) ഗോപകുമാർ, ഗോകുലം, മുല്ലക്കര, കഴിവൂർ.പി.ഒ, കോട്ടുകാൽ പഞ്ചായത്ത്.<br>8) സുധീഷ്, കൃഷ്ണ സർവ്വീസ് സെന്റർ, മരപ്പാലം, കോട്ടുകാൽ പഞ്ചായത്ത്.<br>9) സിന്ധു.എസ്, ശിവ സദനം, കോട്ടുകാൽ.പി.ഒ, കോട്ടുകാൽ പഞ്ചായത്ത്.<br>10) സുരേഷ്, സുരേഷ് ഭവൻ, കരിച്ചൽ, കഴിവൂർ.പി.ഒ, കാഞ്ഞിരകുളം പഞ്ചായത്ത്.<br>11) അനിൽകുമാർ, അശ്വതി മാവുനിന്ന, കരിച്ചൽ, പുല്ലുവിള, കഴിവൂർ. കാഞ്ഞിരംകുളം പഞ്ചായത്ത്.<br>12) രാജേന്ദ്രൻ.എസ്,ആർ.ബി.നിവാസ്,പുളിങ്കുടി.<br>13) ലക്ഷമണൻ നാടാർ, അജിമന്ദിരം, കല്ലുവിള.<br>14) സാബു, മാവിളവീട്, ചാണി.<br>കൊല്ലം ജില്ലയിൽ 3 പേർക്ക് എതിരേയും ആലപ്പുഴ ജില്ലയിൽ 6 പേർക്ക് |

| | | | |
|---|---|---|---|
| | | | എതിരെയുള്ള പരാതികളുടെ അന്വേഷണ റിപ്പോർട്ട് അതാത് കളക്ടർമാർക്ക് സമർപ്പിച്ചിട്ടുണ്ട് എറണാകുളം ജില്ലയിൽ പൊതുജനങ്ങളുടെ പരാതിയെ തുടർന്ന് താഴെ പറയുന്ന രണ്ട് കുപ്പിവെള്ള സ്ഥാപനങ്ങൾക്ക് സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുണ്ട്<br>1)ഹാപ്പി ഇൻഡസ്ട്രീസ്, കാക്കനാട് തൃക്കാക്കര നഗരസഭ<br>2)സുരേഷ് ജോർജ്ജ്, പനക്കലോടി ഹൗസ്, തേങ്ങോട് പി.ഒ. തൃക്കാക്കര നഗരസഭ<br>കൂടാതെ സി.എ. ഹംസ, ചേരോടത്ത് ഹൗസ്, കുട്ടമശ്ശേരി തോട്ടുമുഖം. പി.ഒ, ആലുവ, കീഴ്മാട് ഗ്രാമപഞ്ചായത്ത് നടത്തി വന്ന അനധികൃത ജലചൂഷണം ഭൂജല വകുപ്പ് എറണാകുളം ജില്ലാ ഓഫീസിന്റെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോടതി വിധിയിലൂടെ നിർത്തി വെച്ചു<br>പാലക്കാട് ജില്ലയിൽ ശിവാനന്ദൻ S/o. തങ്കപ്പൻ, കളത്തിൽ വീട്, തൃപ്പള്ളം കാഞ്ഞിരക്കടവ് മലമ്പുഴ-ക്കെതിരെയും നടപടി സ്വീകരിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ